എഞ്ചിനീയറിംഗ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനം

119(3031) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഐ.സി.ടി.ഇ. മാനദണ്ഡം അനുസരിച്ച് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് വേണ്ട അടിസ്ഥാന യോഗ്യതകൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത മാനദണ്ഡം സംസ്ഥാനത്ത് നടപ്പിലാക്കിയത് എന്നു മുതലാണ് ;

(സി) സർക്കാർ എൻജിനീയറിംഗ് കോളേജുകളിൽ പ്രസ്തുത യോഗ്യത. മാനദണ്ഡം പാലിക്കപ്പെടാതിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനുള്ള കാരണം എന്താണ് ;

(ഡി) സംസ്ഥാനത്തെ എൻജിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ. സ്കീം നടപ്പിലാക്കുന്നതിന് നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതിവരുത്തി യോഗ്യതയിൽ വ്യത്യാസം വരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) എഞ്ചിനീയറിംഗ് വിഷയങ്ങളിൽ ബന്ധപ്പെട്ട ബ്രാഞ്ചിൽ ബി.ഇ./ബി.ടെക്-ഉം എം.ഇ/എം.ടെക്-ഉം, ബി.ഇ/ബി.ടെക്കിനോ എം.ഇ.,എം.ടെക്കിനോ ഫസ്റ്റ് ക്ലാസും അസിസ്റ്റന്റ് പ്രൊഫസർ ആർക്കിടെക്ചറിന് ബി.ആർക്ക്-ഉം എം.ആർക്ക്-ഉം രണ്ടിൽ ഏതെങ്കിലും ഒരെണ്ണം ഫസ്റ്റ് ക്ലാസ്സിൽ പാസ്സായിരിക്കണം.

(ബി) 21-6-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ321/13/ഉ.വി.വ പ്രകാരമാണ് പ്രസ്തുത മാനദണ്ഡം നടപ്പിലാക്കിയത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ യോഗ്യതകൾ ഉൾപ്പെടുത്തി സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയിട്ടില്ല.

(ഡി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ. സ്കീം നടപ്പിലാക്കുന്നതിന് നിലവിലെ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുമ്പോൾ, യോഗ്യതയിൽ മാത്രമല്ല, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ, പ്രിൻസിപ്പാൾ തസ്തികകളിലേയ്ക്കുള്ള നിയമനരീതിയിലും അതിനായുള്ള മാനദണ്ഡങ്ങളിലും ഭേദഗതി വരുത്തേണ്ടതുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഇത് സംബന്ധിച്ച കേസ് നിലവിലുണ്ട്. ഇതിന്മേൽ തീരുമാനമായതിനുശേഷം സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly